വഴിവെളിച്ചം

# നന്മ കാണുന്ന കണ്ണുകൾ

عَن عَنْ أَبِىهُرَيْرَةَ رَضِي اللَّهُ عَنهُ أَنَّ رَسُولَ اللَّهِ ﷺ: قَالَ إِيَّاكُمْ وَالظَنَّ فَإِنَّ الظَّنَّ أَكذبُ الحَدِيث وَلاَ تَحَسَّسُوا وَلاَ تَجَسَّسُوا وَلَا تَنَافَسُوا وَلاَ تَحَاسَدُوا وَلاَ تَبَاغَضُوا وَلاَ تَدَابَرُوا وَكُونُوا عِبَادَاللَّه إِخوانًا

**അബൂഹുറയ്റ(റ)യിൽനിന്ന്: റസൂൽ(സ) അരുളി: "ഊഹത്തെ നിങ്ങൾ കരുതിയിരിക്കുക. ഊഹം സംസാരത്തിലെ ഏറ്റവും വലിയ കള്ളമാണ്. നിങ്ങൾ മറഞ്ഞ കാര്യങ്ങളും സ്ഥിതിഗതികളും തേടിനടക്കരുത്. ജനങ്ങളുടെ കുറ്റങ്ങളും കുറവുകളും ചുഴിഞ്ഞന്വേഷിക്കരുത്. പരസ്പരം മത്സരിക്കരുത്. അസൂയ കാട്ടരുത്. ദേഷ്യപ്പെടരുത്. പരസ്പരം പുറം തിരിഞ്ഞു(പിണങ്ങി) നിൽക്കരുത്. അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ സഹോദരങ്ങളായി വർത്തിക്കുക"** (മുസ്‌ലിം).

**അസൂയ,** ഊഹം, കുറ്റങ്ങൾ പരതി നടക്കൽ, പരസ്പര മത്സരം, മൗനം തുടങ്ങിയ ദുഃസ്വഭാവങ്ങളിൽനിന്ന് മുക്തിനേടി സഹോദരന്മാരായി ജീവിക്കാൻ ആവശ്യമായ ധാർമികോപദേശമാണ് ഈ ഹദീസിൽ അടങ്ങിയിട്ടുള്ളത്.

വ്യക്തികളെന്ന നിലയിൽ ഓരോരുത്തർക്കും വീഴ്ചകളുണ്ടാവും. തെറ്റും കുറ്റവും കാണും. വൈകല്യമില്ലാത്ത ആരും മനുഷ്യരിലില്ല. അതുകൊണ്ടുതന്നെ ന്യൂനതകളും പിഴവുകളും പരതി നടക്കുന്നതിന് പകരം നന്മകൾ കണ്ടെത്തി അവ വളർത്തി വികസിപ്പിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. എല്ലാറ്റിലും നന്മ ദർശിക്കുന്ന സ്വഭാവം ആർജിക്കണം.

മറ്റുള്ളവരുടെ കുറവുകൾ കണ്ടെത്തി സായൂജ്യമടയുന്ന സ്വഭാവം വിശ്വാസിക്ക് അനുഗുണമല്ല. സ്വന്തം കുറ്റങ്ങൾ കാണാനും അവ തിരുത്താനും വിശ്വാസിക്ക് സാധിക്കണം. അതാണ് വിജയം.

വ്യക്തികളെ സംബന്ധിച്ച് സദ്‌വിചാരമാണ് വിശ്വാസികൾ വെച്ചു പുലർത്തേണ്ടത്. ഓരോ വ്യക്തിയും നന്മയുടെ നിറകുടമാണെന്ന വിചാരം വേണം. ഈമാൻ ഉൾകൊണ്ട ഒരാളെക്കുറിച്ചും മോശമായ ഒരു ചിന്തയും മനസ്സിലുണ്ടാവരുത്. മാത്രമല്ല ഇങ്ങനെ പ്രാർഥിക്കുകയും വേണം: 'രക്ഷിതാവേ, വിശ്വാസികളെക്കുറിച്ച് ഞങ്ങളുടെ മനസ്സിൽ മോശമായ ഒരു ചിന്തയും നീ ഉണ്ടാക്കരുതേ' (ഖുർആൻ).

ഒരിക്കൽ രണ്ടാളുകൾ ഒരു പൂന്തോട്ടത്തിലൂടെ നടക്കുകയായിരുന്നു. ഒരാൾ റോസാച്ചെടിയെ നോക്കി പറഞ്ഞു: "നോക്കൂ... ഈ ചെടികൾ നിറയെ മുള്ളുകളാണ്. ഒന്നിനും കൊള്ളില്ല." അപ്പോൾ മറ്റവൻ പറഞ്ഞു: "മുള്ള് നിറഞ്ഞതാണെങ്കിലും എത്ര മനോഹരമാണ് പുഷ്പങ്ങൾ." ഇങ്ങനെ കുറ്റങ്ങൾ മാത്രം കണ്ടുപിടിക്കുന്ന കണ്ണുകൾ സമൂഹത്തിൽ ധാരാളം കാണാൻ കഴിയും.

മദ്യപനായ ഒരാളുണ്ടായിരുന്നു. കുടി നിർത്താൻ തിരുമേനി നിരന്തരം അയാളെ ഉപദേശിച്ചു. ഫലം കണ്ടില്ല. ഒരു ദിവസം മൂക്കറ്റം കുടിച്ചു അയാൾ തിരുമേനിയുടെ സദസ്സിൽ വന്നു. മദ്യത്തിന്റെ

ദുർഗന്ധം എല്ലാവരെയും കുപിതരാക്കി. കൂട്ടത്തിൽ ഒരാളുടെ വായിൽനിന്ന് വേണ്ടാത്ത ഒരു വാക്ക് പുറത്ത് വന്നു. ഇത് കേട്ടപ്പോൾ നബിക്ക് കോപം വന്നു. അവിടുന്ന് ശാസിച്ചു; "അങ്ങനെ പറയരുത്. ഒരു തിന്മക്ക് പകരം വേറെ അനേകം നന്മകൾ അയാൾക്കുണ്ട്. അത് കാണാതിരിക്കരുത്.." മദ്യപനിലെ നല്ല മനുഷ്യനെ കണ്ടെത്തുകയാണിവിടെ പ്രവാചകൻ! കുറ്റവാളികൾ തെറ്റുതിരുത്തി നന്മയിലൂടെ മുന്നേറാൻ ഇത്തരം സമീപനങ്ങൾ സഹായിക്കും.

തന്നിലും സമൂഹത്തിലും നന്മയും ക്ഷേമവും വിളയാടണമെങ്കിൽ നന്മ കാണുന്ന കണ്ണുകൾ വേണം. പ്രവാചകൻ തന്റെ അനുചരന്മാരുടെ നന്മകൾ കണ്ടെത്തി അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്തിരുന്നത്. ദോഷൈകദൃക്കുകളെ നബി(സ) കുറ്റപ്പെടുത്തിയിട്ടുണ്ട്.

സ്വന്തം തെറ്റുകൾ മറച്ചുവെക്കാനും അത് കണ്ടില്ലെന്ന് നടിക്കാനും വിശ്വാസികൾ ശ്രമിക്കരുത്. സ്വന്തം രോഗം ചികിത്സിക്കാതെ മറ്റുള്ളവരുടെ രോഗത്തെ എടുത്തു കാണിക്കുന്നത് ശരിയായ രീതിയല്ല.

തിരുമേനി പറഞ്ഞു: "മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പരതി സമയം കളയാതെ തന്റെ കുറ്റങ്ങളും വീഴ്ചകളും കണ്ടെത്തി തിരുത്തുന്നവർക്കാണ് സർവ മംഗളങ്ങളും." ■

**അബ്ദുൽ ജബ്ബാർ കൂരാരി**